Kolkata Kairali Samajam's
MERISTEM
ISSUE 2 OCTOBER 15, 2026

Title of the book: ***Punorujjibon*** (Novel) Language: ***Bengali*** Author: ***Trishna Basak***
Publisher: ***Dhansere Prakashan*** Year of publication: ***2026*** Pages: ***128*** Price: ***275***

New lease of life peeping out of chaos

Tapashi Laha
Bilingual writer, teacher and sub-editor of Indology Magazine

The art of storytelling has transcended various thresholds, reclaiming the dissolution of timelines, history, myth and the contemporary. Trishna Basak's Bengali novel, entitled *Punarujjivan* (Rebirth), does bear ample evidence of meticulous juxtaposition of the perspective of the subaltern, not withholding while keeping up the beauty and magic, query and curiosity in relatively proper measure. Here, the concept of power is not shown in the light of that singular concept of the haves and the have-nots. Rather, the novelist points out how the dichotomy of the concept of the marginalized is played out simultaneously by some characters belonging to the royalty as well as those being affected by the actions of people in power, the poor ones. How even being born in a royal threshold does not give enough sustenance to the honour and safety of characters like Gandhari or Draupadi, who are mere puppets of situation and later pushed into a self-chosen decision of revenge, not conducive to their unhealed trauma, borne out of being used as rather property than free individuals.

Based on one single episode of the rebirth of all who died in the war of *Mahabharata* from the titular Indian epic. The war that was fought between the Pandavas (five sons of Queen Kunti) and the Kauravas (hundred sons of Queen Gandhari) bore the mere backdrop.

The post-war scenario leads to disheartening disruption of a prior stable societal balance. The conventional myth of calling out the losers of war as villains is also broken through the conversation of the subjects, where they discuss how the Kauravas, especially Duryodhana, proved to be better ruler by the survey of work through common eyes. How the newly set-up dynasty of the Pandavas was informed on the basis of mass exploitation of people and natural resources. The burning of the Khandava, killing of the lower castes, the various weapons in war to bring extinction to cultivation and natural forestry, absolute hampering of ecological balance.

The character of Krishna plays the very mediocre modern-day man in power, full of oration, hardly capable of bringing his people out of the menace. Society, playing as an autonomous character, does its treatment with the starting of a new social order. The inter-caste marriage between the Brahmin pundit and the Shudra woman laid its foundation as the bookish knowledge of the Brahmin, with no practical usability, alienated his existence within his own household, where his Shudra wife turns out to be one in power with ample knowledge to run her newly-formed little dynasty.

പുസ്തകനാമം: ***ഡീകൺസ്ട്രക്ഷൻ. ഫെമിനിസം. മാർക്സിസം – ഗായത്രി ചക്രവർത്തി സ്പിവാക്*** (പഠനം) ഭാഷ: ***മലയാളം*** ഗ്രന്ഥകർത്താവ്: ***ഡോ. തോമസ് സ്കറിയ***
പ്രസാധകർ: ***പ്രണത ബുക്സ്*** പ്രസിദ്ധീകരണവർഷം: ***2026*** ഏടുകൾ: ***120*** വില: ***200***

സ്പിവാക്കിയൻ ചിന്തകളുടെ രാഷ്ട്രീയവായന

ഡോ. ജൈനിമോൾ കെ. വി.
മാടായി സി. എ. എസ് കോളജിലെ മലയാളം വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറും മാധ്യമം: വിനിമയവും വിചിന്തനവും, ഫിഫ്ത് എസ്റ്റേറ്റ്: ജനാധിപത്യവും മാധ്യമങ്ങളും തുടങ്ങിയ കൃതികളുടെ രചയിതാവുമാണ് ഡോ. ജൈനിമോൾ കെ.വി.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും പ്രശ്നപരിഹാരത്തിൽ മാനവികതയുടെ പ്രാധാന്യത്തിനായി വാദിക്കുന്ന അധിനിവേശാനന്തര ചിന്തകയാണ് ഗായത്രി ചക്രവർത്തി സ്പിവാക്. കീഴാളരാഷ്ട്രീയത്തിന് പുതിയ മാനം നൽകിയ സ്പിവാക്കിന്റെ ആശയങ്ങളെ മുൻനിർത്തി ഡോ. തോമസ് സ്കറിയ തയ്യാറാക്കിയ പഠന ഗ്രന്ഥമാണ് '*ഗായത്രി ചക്രവർത്തി സ്പിവാക്: ഡീകൺസ്ട്രക്ഷൻ, ഫെമിനിസം, മാർക്സിസം*'. അധിനിവേശാനന്തര ലോകത്തെ സ്ത്രീകളുടെയും പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെയും അവസ്ഥകളെ സ്പിവാക് എപ്രകാരം പുനരാലോചനയ്ക്ക് വിധേയമാക്കുന്നുവെന്ന് ഈ കൃതി അന്വേഷിക്കുന്നു.

ഫ്രഞ്ച് തത്ത്വചിന്തകനായ ദെറീദയുടെ *ഓഫ് ഗ്രമാറ്റോളജി* എന്ന വിഖ്യാത ഗ്രന്ഥത്തിന്റെ ഇംഗ്ലീഷ് വിവർത്തക എന്ന നിലയിലും, *മഹാശ്വേതാദേവിയുടെ ദ്രൗപദി, സ്തനദായിനി* തുടങ്ങിയ വിപ്ലവാത്മകമായ കൃതികളുടെ വിവർത്തക എന്ന നിലയിലുമുള്ള സ്പിവാക്കിന്റെ ബൗദ്ധികമായ ഇടപെടലുകളെക്കുറിച്ചുള്ള പരിശോധനകൾ മലയാളത്തിൽ പരിമിതമാണ്. ഈ സാഹചര്യത്തിലാണ് മൂന്നാംലോക രാഷ്ട്രീയത്തെയും ദേശീയതയെയും കുറിച്ചുള്ള ഫ്രാൻസ് ഫാനന്റെയും മറ്റും വീക്ഷണങ്ങളെ മുൻനിർത്തി ഈ പുസ്തകം ചർച്ചകൾ വികസിപ്പിക്കുന്നത്. വിപണി കേന്ദ്രീകൃതമായ ലോകത്ത് സ്പിവാക് പുലർത്തിയ രാഷ്ട്രീയ ജാഗ്രതയെക്കുറിച്ചുള്ള കൃത്യമായ വിലയിരുത്തലുകളും ഈ കൃതി വായനക്കാർക്ക് മുന്നിൽ തുറന്നിടുന്നു. സിദ്ധാന്തങ്ങളുടെ സങ്കീർണ്ണതകളിലേക്ക് വഴുതിവീഴാതെ സ്പിവാക്കിയൻ ചിന്തകളുടെ അന്തഃസത്തയെ വായനക്കാരിലേക്ക് എത്തിക്കുന്നതിലാണ് ഈ പുസ്തകത്തിന്റെ വിജയം. സങ്കീർണ്ണമായ പാശ്ചാത്യ സിദ്ധാന്തങ്ങളെ ലളിതവും ഒഴുക്കുള്ളതുമായ മലയാളഗദ്യത്തിലേക്ക് പരിവർത്തിപ്പിച്ചു എന്നതാണ് ഈ പുസ്തകത്തിന്റെ മറ്റൊരു മേന്മ. സമകാലിക ലോകത്തിലെ രാഷ്ട്രീയ സാമ്പത്തിക സാമൂഹിക അസമത്വങ്ങളെയും അടിച്ചമർത്തലുകളെയും പ്രതിരോധിക്കാനുള്ള സ്പിവാക്കിന്റെ നിരന്തരമായ ശ്രമങ്ങൾ പുസ്തകത്തിൽ അടയാളപ്പെടുത്തുന്നുണ്ട്.

കീഴാളരുടെയും പാർശ്വവത്കരിക്കപ്പെട്ടവരുടെയും ശബ്ദങ്ങളെ വീണ്ടെടുക്കാനുള്ള ശക്തമായ സൈദ്ധാന്തിക ആയുധമായി അപനിർമ്മാണത്തെ സ്പിവാക് മാറ്റിയെടുത്തത് എങ്ങനെയെന്നും പുസ്തകം സമർത്ഥമായി സ്ഥാപിക്കുന്നു. സംസ്കാരപഠനം, അധിനിവേശാനന്തര കീഴാളപഠനങ്ങൾ എന്നിവയിൽ സ്പിവാക് നടത്തിയ ഇടപെടലുകൾ വിശദമായിത്തന്നെ ചർച്ച ചെയ്യുന്നുമുണ്ട്. രഞ്ജിത് ഗുഹയെപ്പോലുള്ള ചരിത്രകാരന്മാരുടെ ശ്രമങ്ങളെ മുൻനിർത്തി, ഇന്ത്യൻ ചരിത്രരചനയിലെ വരേണ്യപക്ഷപാതത്തെയും ലിംഗവിവേചനങ്ങളെയും സ്പിവാക് ചോദ്യം ചെയ്ത രീതിയും, മൂന്നാം ലോകരാജ്യങ്ങളിലെ സ്ത്രീകളുടെ ദൈനംദിന ജീവിതാനുഭവങ്ങളെ പാശ്ചാത്യ ഫെമിനിസ്റ്റ് സിദ്ധാന്തങ്ങൾക്ക് പൂർണ്ണമായി ഉൾക്കൊള്ളാൻ കഴിഞ്ഞില്ലെന്ന വാദവും കൃതിയെക്കൂടി വിശകലനം ചെയ്ത് വ്യക്തമാക്കുന്നു.

സ്പിവാക്കിനെ ഒരു ഫെമിനിസ്റ്റ് മാർക്സിസ്റ്റ് ഡീകൺസ്ട്രക്ഷനിസ്റ്റ് ആയാണ് ഈ ഗ്രന്ഥം അവതരിപ്പിക്കുന്നത്. പാശ്ചാത്യ ആശയങ്ങളെ വെറുതെ വിവർത്തനം ചെയ്യുകയല്ല ഗ്രന്ഥകാരൻ ഇവിടെ ചെയ്യുന്നത്. അതീവ സങ്കീണ്ണമായ സ്പിവാക്കിയൻ സംജ്ഞകളെ മലയാളത്തിന്റെ സാംസ്കാരിക പരിസരത്തിന് അനുയോജ്യമായ രീതിയിൽ പുനർനിർവ്വചിക്കുകയാണ്. പാശ്ചാത്യ പദാവലികളെ പരമാവധി മലയാളീകരിക്കാൻ ഗ്രന്ഥകർത്താവ് ശ്രദ്ധിച്ചിട്ടുണ്ട്. അങ്ങനെ മലയാളത്തിൽ ഒരു പുതിയ സൈദ്ധാന്തിക ഭാഷ രൂപപ്പെടുത്തുന്നതിൽ ഈ പുസ്തകം വലിയൊരു പങ്ക് വഹിക്കുന്നു. അപരവിദ്വേഷത്തിലേക്ക് വഴിമാറുന്ന സമകാലിക ദേശീയതയെയും രാഷ്ട്രസങ്കല്പങ്ങളെയും അധിനിവേശാനന്തര പശ്ചാത്തലത്തിൽ പുസ്തകം ഗൗരവമായി പരിശോധിക്കുന്നുണ്ട്. സിദ്ധാന്തങ്ങളെ അക്കാദമിക് വൃത്തങ്ങളുടെ നാലുചുവരുകൾക്കുള്ളിൽ നിന്ന് മോചിപ്പിച്ച് സാധാരണ വായനക്കാരന്റെ ചിന്താമണ്ഡലത്തിലേക്ക് എത്തിക്കുന്നതിൽ ഈ ഗ്രന്ഥം പൂർണ്ണമായും വിജയിച്ചിട്ടുണ്ട്.

പുസ്തകനാമം: ***ഒഴുകാതെ ഒരു പുഴ*** (നോവൽ) ഭാഷ: ***മലയാളം***
ഗ്രന്ഥകർത്താവ്: ***ചന്ദ്രമതി*** പ്രസാധകർ: ***മാതൃഭൂമി ബുക്സ്***
പ്രസിദ്ധീകരണ വർഷം: ***2025*** ഏടുകൾ: ***328*** വില: ***312***

'വിലകുറഞ്ഞ സ്ത്രീ'യുടെ ബൗദ്ധിക വ്യവഹാരങ്ങൾ

ഡോ. കല സജീവൻ
തൃശൂർ ശ്രീകേരളവർമ്മ കോളജിലെ മലയാളവിഭാഗം അസിസ്റ്റന്റ് പ്രൊഫസറും കവിതാ പഠനങ്ങൾ, അനുഭൂതി വിചാരങ്ങൾ, ജിപ്സി പെണ്ണ്, സന്തോഷം ഒരു ദേശമാണ് തുടങ്ങിയ കൃതികളുടെ രചയിതാവുമാണ് ഡോ. കല സജീവൻ

ചന്ദ്രമതിയുടെ *ഒഴുകാതെ ഒരു പുഴ* എന്ന നോവലിന്റെ ശീർഷകത്തിൽത്തന്നെ ഒരു തരം ശ്വാസം മുട്ടലുണ്ട്. സ്വയമേവ ചിത്രകാരിയും എഴുത്തുകാരിയും സംഗീതതൽപ്പരയും ഫോട്ടോഗ്രാഫറുമായ പെൺകുട്ടിയാണ് സോണിയ ബെഹർ എന്ന പതിനെട്ടു വയസ്സുകാരി. അവളുടെ ജീവിതമാകെ മാറിമറിയുന്നത് തന്നേക്കാൾ ഏറെ വയസ്സിന് മുതിർന്ന ടോൾസ്റ്റോയിയുടെ പ്രണയാഭ്യർത്ഥന സംഭവിക്കുമ്പോഴാണ്. ടോൾസ്റ്റോയി സ്നേഹമുള്ള ഭർത്താവായിരുന്നു, അസൂയാലുവും. സോണിയയുമായി ഇടപഴകുന്ന പുരുഷൻമാരെ അദ്ദേഹം സംശയിച്ചു. ടോൾസ്റ്റോയിയുമായി ഇടപഴകുന്ന സ്ത്രീകളെ സോണിയയും. എന്നാൽ അവൾക്കതിന് കാരണങ്ങളുണ്ടായിരുന്നു. വിവാഹത്തലേന്ന് ടോൾസ്റ്റോയി സോണിയയ്ക്കു നൽകിയ ഡയറിയിൽ തന്റെ അതുവരെയുള്ള അരാജകജീവിതം പകർത്തിവച്ചിരുന്നു. എന്നിട്ടും ആ ചെറിയ പെൺകുട്ടി വിവാഹത്തിൽനിന്നു പിൻമാറിയില്ല. കാരണം അവൾ അദ്ദേഹവുമായി പ്രണയത്തിലായിരുന്നു. ടോൾസ്റ്റോയി മരിച്ചതിനുശേഷവും സോണിയ അദ്ദേഹത്തെ പ്രണയിച്ചു ജീവിച്ചു.

ചേർത്കോവ് എന്ന വ്യക്തിയുടെ വരവോടെ ടോൾസ്റ്റോയിയും സോണിയയും തമ്മിലുള്ള ബന്ധത്തിൽ വലിയ വിള്ളലുകൾ ഉണ്ടാകുന്നുണ്ട്. സോണിയയിൽനിന്ന് ടോൾസ്റ്റോയിയെ പിടിച്ചെടുക്കാൻ ഒരു പരിധിവരെ അയാൾക്കാകുന്നു. ചേർത്കോവും ടോൾസ്റ്റോയിയും തമ്മിലുള്ള ബന്ധം എന്തായിരുന്നുവെന്നത് ഇന്നും വെളിപ്പെട്ടിട്ടില്ലാത്ത രഹസ്യമാണ്. മരണസമയത്ത് ആ മഹാനായ എഴുത്തുകാരനെ കാണാൻ സോണിയയെ ചേർത്കോവ് അനുവദിക്കുന്നില്ല. ചേർത്കോവിന് കൂട്ടായി ടോൾസ്റ്റോയിയുടെ സാഷ എന്ന മകളും നിൽക്കുമ്പോൾ ദുരന്തചിത്രം പൂർണ്ണമാകുന്നു.

ലിയോ ടോൾസ്റ്റോയി എന്ന ലോകത്തിലെ വലിയ നോവലിസ്റ്റുകളിൽ ഒരാളായ എഴുത്തുകാരന്റെ സർഗ്ഗാത്മക രചനകളുടെയെല്ലാം പകർത്തെഴുത്തുകാരിയായിരുന്നു സോഫിയ എന്ന സോണിയ. ഒന്നും രണ്ടും തവണയല്ല ഒൻപതു തവണ വരെ പല നോവലുകളും അവൾ പകർത്തിയെഴുതി. *യുദ്ധവും സമാധാനവും* എന്ന ബൃഹദ് നോവലടക്കം. എന്നിട്ടും ടോൾസ്റ്റോയി സോണിയയോട് കുത്തുവാക്ക് പറഞ്ഞു: 'കൂലി കൊടുത്താൽ കിട്ടുന്ന ഒരു പകർപ്പെഴുത്തുകാരിയുടെ ജോലി മാത്രമേ നീ ചെയ്തിട്ടുള്ളൂ.'

പതിനാറുപ്രസവങ്ങൾ, കുഞ്ഞുങ്ങളുടെ മരണങ്ങൾ, ഗൃഹഭരണം, ശിശുപരിപാലനം, എസ്റ്റേറ്റിലെ കണക്കുനോക്കൽ, പരിചാരകരുടെ മേൽനോട്ടം, കൃഷിക്കാരുടെ ക്ഷേമം... ഇതെല്ലാം സോണിയയിലെ പ്രതിഭയെ നശിപ്പിച്ചു. അവൾ ഒളിച്ചിരുന്നാണ് സ്വന്തം നോവലെഴുതിയത്. പണികൾ ചെയ്തുതളർന്ന് ശയനമുറിയിലെത്തി ഭർത്താവുമൊത്ത് രതിയിലേർപ്പെട്ട ശേഷവും അവൾക്കുറങ്ങാനാവുന്നില്ല. എന്നിട്ടും പലപ്പോഴും നേരം വെളുക്കുവോളമിരുന്ന് സോണിയ എഴുതി. അവരുടെ എഴുത്തുകൾ ലോകം കണ്ടത് മരണശേഷമാണ്.

സോണിയ ഡയറിയിൽ ഇങ്ങനെ എഴുതി: 'നിന്നെപ്പോലെ വില കുറഞ്ഞ ഒരു പെണ്ണിന് എന്തിനാണ് ബൗദ്ധികജീവിതവും കലാജീവിതവും? എനിക്കറിയില്ല, പക്ഷേ, ഒരു ബുദ്ധിജീവിയെ സേവിക്കാൻ വേണ്ടി എന്നെന്നേയ്ക്കുമായി ആ ആഗ്രഹങ്ങളെ അമർത്തിപ്പിടിക്കേണ്ടി വരുന്നത് വലിയ നിർഭാഗ്യമാണ്. ജീവിതം വഴിമുട്ടുമെന്ന് തോന്നിയ വേളയിൽ ദസ്തയേവ്സ്കിയുടെ ഭാര്യയായ അന്നയുടെ നിർദ്ദേശാനുസരണം പ്രസാധന സംരംഭം തുടങ്ങി, ടോൾ സ്റ്റോയിയുടെ എഴുത്തുകൾ മുഴുവൻ സമാഹരിച്ച് വിപണനം ചെയ്ത സമർത്ഥയായ സ്ത്രീ കൂടിയാണ് സോണിയ. അതിനാൽ ഇത് ഒരു പെണ്ണിന്റെ വിലാപമായി കാണേണ്ടതില്ല.

മനുഷ്യ മനസ്സിന്റെ സങ്കീർണതകൾ അതിസൂക്ഷ്മമായി നിർദ്ധാരണം ചെയ്യുന്ന ഈ നോവൽ സോഫിയയുടെയും ടോൾസ്റ്റോയിയുടെയും ജീവിതമെന്ന നിലയിൽ തന്നെ ചരിത്രത്തിലിടം തേടുന്നുണ്ട്.

Title of the book: ***The Uncool*** (Memoir) Language: **English** Author: **Cameron Crowe**
Publisher: **4th Estate** Year of publication: **2025** Pages: **317** Price: **868**

A heady ride through the heydays of rock 'n' roll

S. R. Praveen
S. R. Praveen is a journalist with The Hindu and the author of the book Ticket to Kerala: The Story of Malayalam Cinema.

Probably due to the timelessness of their songs, one can't really imagine a time when some of our legendary musicians were young or new. It would seem they have been around since the beginning of time and will still be around when the end of times nears. One cannot be faulted for assuming this in a year in which the Rolling Stones, with all their members in their 80s, have just released a new album. Their debut album came out in the early 1960s.

Early on in *Uncool*, filmmaker and journalist Cameron Crowe's memoir, there pop up several instances where Crowe chances upon great musicians before they hit the big league. For instance, in April 1964, when he was still in school and yet to become a music journalist, his mother announced one day that she had got the concert tickets to see a "kid named Bob Dylan". Twenty-three-year-old Dylan had just released the album The Times They Are a-Changin'.

Crowe is best known for his semi-autobiographical film *Almost Famous* (2000), about a teenage rock journalist accompanying a band on tour to write a cover story for Rolling Stone magazine. A lot of the events in the film, and even more exciting stuff, actually happened in his life too, as is evident from the book. It marks the decades when rock music really was one of the cornerstones of global popular culture. As a 15-year-old music journalist, he chanced upon the rock phenomenon before the mainstream press was yet to show interest. Through his writings back then, the movie years later and now this memoir, Crowe really manages to capture the spirit of rock 'n' roll. It's a memoir which moves with the ease of listening to a favourite record on a lazy Sunday morning.

Just as he has captured succinctly the myriad feelings that a song can evoke, he writes of his initial days sneaking in for backstage interviews and the heady days of touring and interviewing the biggest bands on the planet. By the time he hit his 20s, he had interviewed and written much-lauded cover stories on Led Zeppelin, Allman Brothers Band, The Who, Kris Kristofferson, Jim Croce, Eagles and a whole host of others, including the elusive David Bowie, all in their prime. One cannot turn these pages without a touch of envy for the writer and nostalgia for a time much before I was born. The book was also a journey which helped me discover bands, artistes and songs, like Jackson Browne's *'These Days'*.

Scan the QR code to access our Objectives and Contributor Guidelines

MERISTEM- A Bilingual Book Review Magazine. Issue 2. October 15, 2026
Published by T. K. Gopalan for Kolkata Kairali Samajam
Office: 1/C, 324 Shanti Pally, Kolkata 700 107, West Bengal, India
Website: www.kolkatakairalisamajam.in
For Reviews, enquiries and letters, write to: meristem.kks@gmail.com
© 2026 Kolkata Kairali Samajam. All Rights Reserved. For Private Circulation Only
Editor: Susmesh Chandroth